# രണ്ടുവർഷത്തിനുള്ളിൽ വിഷാദരോഗികൾ വർദ്ധിക്കും

കൊച്ചി: കുട്ടിക്കാലത്ത് നേരിടുന്ന പല പ്രശ്നങ്ങളും വിഷാദരോഗത്തിലേക്ക് വഴി തെളിച്ചേക്കാമെന്ന് അമൃത ആശുപത്രിയിലെ മനോരോഗ വിഭാഗം മേധാവി ഡോ. എൻ. ദിനേശ് പറഞ്ഞു.

ശാരീരികവും വൈകാരികവും ലൈംഗികവുമായ ചൂഷണങ്ങളും സ്ഥലംമാറ്റങ്ങളും കുട്ടികളെയും മറ്റും വിഷാദരോഗത്തിലേക്ക് നയിക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. ലോകത്ത് ഈ അസുഖത്തെ തുടർന്ന് ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്യുന്നത് ഡോക്ടർമാരാണെന്നും ഡോ. ശബരീഷ് പറഞ്ഞു. മാനസിക വിഷമങ്ങളെ കുറിച്ച് മറ്റുള്ളവരോട് സംസാരിക്കുകയെന്നതാണ് ചെയ്യാൻ പറ്റുന്ന ഏറ്റവും നല്ല കാര്യം. സൈബർ ലോകത്തെ പല ഇടപെടലുകളും കുട്ടികളെ വിഷാദരോഗികളാക്കി മാറ്റിയേക്കാമെന്ന് ഡോ. ഷീന ജേക്കബ് പറഞ്ഞു.

ഗർഭാവസ്ഥയിൽ തന്നെ ചുറ്റുമുള്ള അന്തരീക്ഷം കുഞ്ഞിന്റെ മാനസിക വളർച്ചയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയത്തെ കുറിച്ച് 16ന് കോൺഫറൻസ് നടത്തും. ഡോ. ശ്രേയ നായർ, ഡോ. സരസ്വതി എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.